**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : പി.ബി. നൂഹ് IAS)**

തിരുവനന്തപുരം
ഉത്തരവ് നമ്പർ: **സി2-15794/17** തീയതി: 16.11.2017.

==========================================================================

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - പ്രൊബേഷൻ സംവിധാനത്തിന്റെ ശാക്തീകരണം - 'നേർവഴി പദ്ധതി' - ശില്പശാലയിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സ.ഉ.(സാധാ) നം. 307/2017/സാ.നീ.വ., തീയതി. 26.05.2017.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായുള്ള 'നേർവഴി' പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും പ്രൊബേഷൻ അസിസ്റ്റന്റുമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ നിയമനം പൂർത്തിയാകുന്നതോടുകൂടി 'നേർവഴി' പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 'നേർവഴി' പദ്ധതിയുടെ ഭാഗമായ പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ സേവനങ്ങൾ നിശ്ചയിച്ചു നൽകൽ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ്, പുരോഗതി വിലയിരുത്തൽ, മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ഒരു ഏകദിന ശില്പശാല 22.11.2017-ൽ സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്) കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടി ശില്പശാലയിലേയ്ക്ക് വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1. | ശ്രീ. സുരേന്ദ്രകുമാർ കെ.കെ. | അഡീഷണൽ ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2. | ശ്രീമതി. രാജശ്രീ പി.കെ. | ജോയിന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 3. | ശ്രീ. ഏലിയാസ് തോമസ് | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, തിരുവനന്തപുരം |
| 4. | എ. മൻസൂർ | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, ആലപ്പുഴ |
| 5. | ശ്രീ. ബിനോയ് വി.ജെ. | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, കോട്ടയം |
| 6. | കെ.ജി. രാഗപ്രിയ | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ |

AN

| | | | |
|---|---|---|---|
| 7. | ഷീബ മുംതാസ് | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, കോഴിക്കോട് |
| 8. | കെ.റ്റി. അഷ്റഫ് | ഡി.പി.ഒ. ഗ്രേഡ് I | പ്രൊബേഷൻ ഓഫീസ്, വയനാട് |
| 9. | സുബൈർ കെ.കെ. | ഡി.സി.പി.ഒ. | തിരുവനന്തപുരം |
| 10. | എ.ഒ. അബിൻ | ഡി.സി.പി.ഒ. | പത്തനംതിട്ട |
| 11. | ശ്രീമതി. ശ്രീജാ ചന്ദ്രൻ | ജൂനിയർ സൂപ്രണ്ട് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 12. | ശ്രീ. സുമിൽ എസ്.എസ്. | ക്ലാർക്ക് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ 2017 നവംബർ 22-ാം തീയതി രാവിലെ 9.30-ന് സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്) കോൺഫറൻസ് ഹാളിൽ എത്തിച്ചേരേണ്ടതാണ്. ശില്പശാലയിലേയ്ക്ക് നിയോഗിക്കപ്പെട്ടവർക്ക് നിയമാനുസൃതമായ TA/DAയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:-

(1) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(2) ഡയറക്ടറുടെ സി.എ.
(3) Stock file/spare

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

AN